മു
ദ്ര
ക
ൾ

# സെക്യുലർ ഖുർആൻ!

**അറബ്‌ലോകത്തെ** ഇസ്‌ലാംവിരുദ്ധരായ സെക്യുലറിസ്റ്റുകൾക്ക് ഇപ്പോൾ നല്ല കാലമാണ്. ഓരോ ആഴ്ചയും അമേരിക്കയിലോ യൂറോപ്യൻ തലസ്ഥാനങ്ങളിലോ നടക്കുന്ന ഒരു ഉച്ചകോടിയിലേക്കെങ്കിലും ക്ഷണം കിട്ടാതിരിക്കില്ല. ഉച്ചകോടികൾ സയണിസ്റ്റ്-നവയാഥാസ്ഥിതികരുടെ വകയായതിനാൽ സാമ്പത്തികമായും ഒട്ടും മുഷിയില്ല. ഇപ്പോൾ ഒരു ഉച്ചകോടി കഴിഞ്ഞതേയുള്ളൂ, അമേരിക്കയിലെ ഫ്‌ളോറിഡയിൽ. ഇസ്‌ലാമെന്ന് കേൾക്കുമ്പോഴേക്ക് വിറളി പിടിക്കുന്ന അറബ്നാടുകളിലെ സെക്യുലർ മഹിളകൾക്ക് മാത്രമായിരുന്നു പ്രവേശനം. അബദ്ധത്തിൽ ഒരു ക്ഷണപത്രം ആഫ്രോ ഏഷ്യൻ ഫലസ്ത്വീനി കൂട്ടായ്മയുടെ സെക്രട്ടറി ജനറലായ മുനാ അബൂസന്നക്കും ലഭിച്ചു. ഈജിപ്തുകാരിയായ ഇവർ സെക്യുലരിസ്റ്റ് ആണെങ്കിലും അഞ്ചാംപത്തി ആയിരുന്നില്ല. ഉച്ചകോടിയുടെ ഉദ്ദേശ്യശുദ്ധിയിൽ അവർക്ക് സംശയം തോന്നി.

മുന, *റോസ് യൂസുഫ്* എന്ന ഈജിപ്ഷ്യൻ പത്രത്തിലെഴുതിയ കുറിപ്പിൽ താൻ എന്തുകൊണ്ട് ക്ഷണം നിരസിച്ചു എന്ന് വ്യക്തമാക്കിയിട്ടുണ്ട്. "സെക്യുലർ ഇസ്‌ലാം ഉച്ചകോടി എന്നായിരുന്നു അതിന്റെ പേര്. ഇന്റർനെറ്റ് പരതിയപ്പോൾ ഇതിനോടൊപ്പം രഹസ്യാന്വേഷണ ഉച്ചകോടിയും നടക്കുന്നുണ്ടെന്ന് വ്യക്തമായി. എന്തിനാണ് രണ്ട് ഉച്ചകോടികൾ ഒരുമിച്ച്? എനിക്ക് സംശയമായി. പങ്കെടുക്കുന്നവരുടെ പേരുകൾ വായിച്ചപ്പോൾ സംശയങ്ങളൊക്കെ നീങ്ങി. ഉച്ചകോടിയിൽ സംബന്ധിക്കുന്ന ഒരാൾ നാനി ദർവേശാണ്. ഈജിപ്തുകാരി. ഇപ്പോൾ ക്രിസ്തുമതം സ്വീകരിച്ച് അമേരിക്കയിൽ താമസം. ഇസ്‌ലാമിനെയും മുസ്‌ലിംകളെയും അധിക്ഷേപിക്കാനും ഇസ്രയേലിനെ ന്യായീകരിക്കാനും മാത്രമായി ഇന്റർനെറ്റിൽ ഒരു സൈറ്റ് തുടങ്ങിയിട്ടുണ്ട് നാനി. മറ്റൊരാൾ അർശാദ് മൻജി. ഇറാൻ വംശജ. ഇസ്‌ലാമിനെതിരെ പുസ്തകമെഴുതി പാശ്ചാത്യരുടെ പ്രീതി സമ്പാദിച്ചവൾ. അൽജസീറ ചാനലിൽ ഈയിടെ ഇസ്‌ലാമിനെ കടുത്ത ഭാഷയിൽ അധിക്ഷേപിച്ച വഫാ സുൽത്വാനാണ് മൂന്നാമതൊരാൾ."

ഉച്ചകോടിയുടെ ഉദ്ദേശ്യവും പിന്നീട് അറിവായി. ഖുർആന് ഒരു സെക്യുലർ ഭാഷ്യം ചമയ്ക്കുക. ഖുർആനിലെ പകുതിയോളം ഭാഗങ്ങൾ എഡിറ്റ് ചെയ്ത് പുതിയൊരു ഖുർആൻ! അതിന്റെ പ്രചാരകരാവാൻ തെരഞ്ഞെടുക്കപ്പെട്ട മഹിളാമണികൾക്കുള്ള പരിശീലന കോഴ്സാണ് ഫ്‌ളോറിഡയിൽ നടന്നത്. ■

# രാജിവെക്കുകയല്ലാതെ അസീസ് മുസാഅദ മറ്റെന്ത് ചെയ്യും?

**ജോർദാനിൽ** ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ രാഷ്ട്രീയ വിംഗാണ് ഇസ്‌ലാമിക് ആക്ഷൻ ഫ്രന്റ്. അതിന്റെ സംഘടനാ തെരഞ്ഞെടുപ്പ് കഴിഞ്ഞ മാസമാണ് നടന്നത്. പല പുതുമുഖങ്ങളും നേതൃസ്ഥാനത്ത് വന്ന കൂട്ടത്തിൽ അമ്മാൻ നഗരത്തിന്റെ മൂന്നാം ഡിവിഷനിൽ ആക്ഷൻ ഫ്രന്റിന്റെ നേതാവായി തെരഞ്ഞെടുക്കപ്പെട്ടത് അസീസ് മുസാഅദ എന്നൊരാളായിരുന്നു. ഇദ്ദേഹം ക്രിസ്ത്യാനിയാണ്. അഞ്ച് വർഷം മുമ്പാണ് ആക്ഷൻ ഫ്രന്റിൽ ചേർന്നത്. സ്വാഭാവികമായും എല്ലാ മതവിഭാഗങ്ങളിലും സംഘടനക്ക് ലഭിച്ച സ്വീകാര്യതക്ക് തെളിവായി സംഭവം ഉയർത്തിക്കാണിക്കപ്പെട്ടു.

ഒരാഴ്ച കഴിഞ്ഞില്ല. അസീസ് മുസാഅദ രാജിവെച്ചു. നേതൃസ്ഥാനത്തുനിന്ന് മാത്രമല്ല, സംഘടനയിൽനിന്നു തന്നെ. അത്രയേറെ സമ്മർദങ്ങളാണ് പല കേന്ദ്രങ്ങളിൽനിന്നും അദ്ദേഹത്തിന് നേരിടേണ്ടിവന്നത്. ഗവൺമെന്റും അദ്ദേഹത്തിന്റെ സമുദായവുമെല്ലാം ഇതിൽ പങ്ക് ചേർന്നു. രഹസ്യപ്പോലീസ് അദ്ദേഹത്തെ വിടാതെ പിന്തുടർന്നു. "രാജിക്കത്തിൽനിന്ന് അദ്ദേഹത്തെ വ്യക്തിപരമായി തേജോവധം ചെയ്യാനുള്ള ശ്രമമുണ്ടായി എന്നാണ് മനസ്സിലാവുന്നത്" ആക്ഷൻ ഫ്രന്റിന്റെ സെക്രട്ടറി ജനറൽ സകീ ബനീ അർശിദ് പറഞ്ഞു.

ഈ വർഷം ആദ്യം ജോർദാനിൽ പാർലമെന്റ് തെരഞ്ഞെടുപ്പ് നടക്കേണ്ടതായിരുന്നു. പല പല കാരണങ്ങൾ പറഞ്ഞ് ഭരണകൂടം തെരഞ്ഞെടുപ്പ് വെച്ചു താമസിപ്പിക്കുകയാണ്. ഫലസ്ത്വീനിൽ ഹമാസിനും ഈജിപ്തിൽ ഇഖ്‌വാനും ഉണ്ടായ വിജയം ഇവിടെ ആവർത്തിക്കുമോ എന്നാണവരുടെ പേടി. ഭരണകൂടത്തെ നോക്കുകുത്തിയാക്കി ജോർദാനിലെ അമേരിക്കൻ അംബാസഡർ ഡേവിഡ് ഹേൽ പരസ്യമായിത്തന്നെ ഇസ്‌ലാമിസ്റ്റുകൾക്കെതിരെ രംഗത്തിറങ്ങിക്കഴിഞ്ഞു. ജോർദാനിലെ ഗോത്രനേതാക്കളെ തന്റെ എമ്പസിയിൽ വിളിച്ചുവരുത്തി തെരഞ്ഞെടുപ്പിൽ ഇസ്‌ലാമിസ്റ്റുകളുമായി സഖ്യമുണ്ടാക്കരുതെന്ന് അദ്ദേഹം താക്കീത് ചെയ്തിരിക്കുകയാണ്. ഇതിന്റെ ഭാഗമാണ് അസീസ് മുസാഅദക്ക് മേലുള്ള കടുത്ത സമ്മർദങ്ങൾ. രാജിവെക്കുകയല്ലാതെ അദ്ദേഹം മറ്റെന്ത് ചെയ്യാൻ? ■

# മുഹമ്മദുൽ ഹസ്നാവി

**മരണം**

**സാഹിത്യകാരനും** സിറിയയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളികളിലൊരാളുമായ മുഹമ്മദുൽ ഹസ്നാവി(70) ഇക്കഴിഞ്ഞ മാർച്ച് നാലിന് അന്തരിച്ചു. സിറിയയിൽ ഇഖ്‌വാന്റെ വിവിധ നേതൃസ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. 2002 വരെ പ്ലാനിംഗ് വകുപ്പിന്റെ ചുമതലയുണ്ടായിരുന്നു. ഭരണകൂടത്തിന്റെ ശത്രുതാപരമായ നിലപാട് കാരണം കാൽ നൂറ്റാണ്ട് പ്രവാസിയായി കഴിയേണ്ടി വന്നു. അറബ് മനുഷ്യാവകാശ സമിതി സംഘടിപ്പിച്ച നിരവധി സമ്മേളനങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. അഭിപ്രായ സ്വാതന്ത്ര്യത്തിന് വേണ്ടി ശബ്ദിച്ചതിനാലാണ് സിറിയയിൽനിന്ന് പുറത്താക്കപ്പെട്ടത്.

സിറിയൻ സാഹിത്യകാരന്മാരുടെ കൂട്ടായ്മയായ ഉദബാഉശ്ശാമിന്റെ മുഖ്യസംഘാടകരിലൊരാളായിരുന്നു. നാല് കവിതാസമാഹാരങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. രണ്ട് കഥാ സമാഹാരങ്ങളും. 'സാഹിത്യത്തെയും ഇസ്‌ലാമിക സാഹിത്യത്തെയും കുറിച്ച്', 'സാഹിത്യവും സംസ്കാരവും' എന്നിവ നിരൂപണ പഠനങ്ങളാണ്. ■

# ‘സ്പെയിനിലെ ജിഹാദ്’

**മാരിയ** അഥ്നർ സ്പെയിനിലെ മുൻ പ്രധാനമന്ത്രിയാണ്. അവിടത്തെ വലതു പക്ഷ കക്ഷിയുടെ നേതാവ്. ഇദ്ദേഹത്തിന്റെ കക്ഷി അധികാരത്തിലിരുന്ന 1996 –2004 കാലയളവിലാണ് സ്പാനിഷ് ഭരണകൂടം ഏറ്റവുമധികം മുസ്‌ലിംവിരുദ്ധമായി മാറിയത്. ഇറാഖ് അധിനിവേശത്തിന് ടോണി ബ്ലെയറെപ്പോലെ അഥ്നറും ബുഷിന്റെ വലംകൈയായി പ്രവർത്തിച്ചിരുന്നു. 2004 ഏപ്രിലിൽ നടന്ന തെരഞ്ഞെടുപ്പിൽ അധികാരത്തിലെത്തിയ സോഷ്യലിസ്റ്റ് ലേബർ പാർട്ടി മിക്ക വലതുപക്ഷ അജണ്ടകളും ഉപേക്ഷിച്ചു. ഇറാഖിൽനിന്ന് സ്പാനിഷ് സേനയെ പിൻവലിച്ചു. അറബ്‌ലോകവുമായി ബന്ധങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചു.

തെരഞ്ഞെടുപ്പ് തോൽവിയോടെ സജീവ രാഷ്ട്രീയത്തിൽനിന്ന് പിന്മാറുകയാണെന്ന് പ്രഖ്യാപിച്ച അഥ്നർ പുതിയൊരു വേഷത്തിൽ പ്രത്യക്ഷപ്പെടുന്നതാണ് പിന്നീട് കാണാൻ കഴിഞ്ഞത്. ഇപ്പോൾ ഒരു പഠന കേന്ദ്രം തുടങ്ങിയിരിക്കുകയാണ് കക്ഷി. അമേരിക്കയിലെ സയണിസ്റ്റ്-നവയാഥാസ്ഥിതിക മുന്നണി പടച്ചുവിടുന്ന ഇസ്‌ലാംവിരുദ്ധ ലേഖനങ്ങളും പ്രബന്ധങ്ങളും പ്രസിദ്ധീകരിക്കലാണ് പഠനകേന്ദ്രത്തിന്റെ പണി. ആഴ്ചകൾക്ക് മുമ്പാണ് ഇസ്‌ലാമിന്റെ കഠിന വിരോധിയായ ഡാനിയൽ പൈപ്സിന് അഥ്നർ ആതിഥ്യമരുളിയത്. 2006-ൽ അഥ്നർ നാറ്റോ സഖ്യത്തോട് ഒരു അഭ്യർഥന നടത്തി- നാറ്റോയുടെ സുരക്ഷാ മുൻഗണനകളിൽ മാറ്റം വരുത്തേണ്ട സമയമായിരിക്കുന്നു. ഇസ്‌ലാമിനും മുസ്‌ലിംകൾക്കുമെതിരായ യുദ്ധം അതിന്റെ ആദ്യ പരിഗണനകളിലൊന്നായി ഉൾപ്പെടുത്തണം!

വലതുപക്ഷ കക്ഷിയുടെ ഇപ്പോഴത്തെ പാർലമെന്ററി പാർട്ടി നേതാവായ ഗൊസ്റ്റാവോ അരിസ്തീഗിയും ഒട്ടും മോശക്കാരനല്ല. സ്പെയിനിൽനിന്ന് മുസ്‌ലിംകളെ ആട്ടിപ്പായിക്കണമെന്നാണ് ഇയാളിപ്പോൾ പരസ്യമായി പറഞ്ഞുകൊണ്ടിരിക്കുന്നത്. La Yihad en Espana-(സ്പെയിനിലെ ജിഹാദ്) എന്ന പേരിൽ ഗൊസ്റ്റാവോ ഈ വർഷം ഒരു പുസ്തകം പ്രസിദ്ധീകരിക്കുകയുണ്ടായി. അൻദുലുസ് (മുസ്‌ലിം സ്പെയിൻ) വീണ്ടെടുക്കാനുള്ള ശ്രമത്തിലാണ് മുസ്‌ലിംകൾ, അതിനാൽ രാജ്യരക്ഷക്ക് അവരോളം ഭീഷണി മറ്റൊന്നില്ല, മുസ്‌ലിംലോകത്തെ പകുതിയും ഭീകരന്മാരും തീവ്രവാദികളുമാണ് എന്നിങ്ങനെ വിഷം ഒഴുകിപ്പരക്കുകയാണ് പുസ്തകത്താളുകളിൽ. കടുത്ത മുസ്‌ലിംവിരുദ്ധ തരംഗം സൃഷ്ടിച്ച് തെരഞ്ഞെടുപ്പിനെ നേരിടുകയാണ് വലതുപക്ഷത്തിന്റെ രാഷ്ട്രീയതന്ത്രമെന്ന് വ്യക്തമായിക്കഴിഞ്ഞു. ■

**പുസ്തകം**

# അമേരിക്ക ജൂതലോബിക്ക് കീഴ്പ്പെടുമ്പോൾ

**ഇസ്രയേലിന്റെ** പ്രശ്നം തന്നെയല്ലേ അമേരിക്കയുടെയും പ്രശ്നം എന്ന് അംഗീകരിക്കാതെ അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേക്കോ കോൺഗ്രസ്സിലേക്കോ ഒരാൾക്ക് മത്സരിക്കാനാവില്ല. കഴിഞ്ഞ തവണ പ്രസിഡന്റ് സ്ഥാനത്തേക്ക് മത്സരിച്ച ജോർജ് ബുഷിനും മുഖ്യ എതിരാളി ജോൺ കെറിക്കും ഇക്കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ടായിരുന്നില്ല. അത്ര മാരകമായി അമേരിക്കൻ രാഷ്ട്രീയത്തെ വരിഞ്ഞുമുറുക്കിയിരിക്കുന്നു ജൂതലോബി. ഇതിനെക്കുറിച്ചാണ് അമേരിക്കൻ എഴുത്തുകാരനായ ജോൺ പെട്രാസിന്റെ അവസാനത്തെ പുസ്തകം. പേര് ‘അമേരിക്കയിൽ ഇസ്രയേലിന്റെ ശക്തി’ (The Power of Israel in the United State).

ജോർജ് ബുഷിന്റെ നേതൃത്വത്തിലുള്ള നവയാഥാസ്ഥിതികർ അധികാരത്തിലെത്തിയതോടെ ഭരണയന്ത്രം മാത്രമല്ല മീഡിയ മുതൽ അക്കാദമിക രംഗം വരെയുള്ള സകല മേഖലകളും സയണിസ്റ്റ് നീരാളിപ്പിടുത്തത്തിൽ ശ്വാസം മുട്ടുകയാണെന്ന് ഗ്രന്ഥകാരൻ സമർഥിക്കുന്നു. അതുകൊണ്ടാണ് ഇറാഖ് യുദ്ധത്തിലേക്ക് അമേരിക്ക എടുത്തു ചാടിയത്. അത് മധ്യ പൗരസ്ത്യദേശത്ത് തങ്ങളുടെ എണ്ണ താൽപര്യങ്ങളെ അപകടപ്പെടുത്തും എന്ന് ഉറപ്പുണ്ടായിട്ടും, ഇസ്രയേലിനുള്ള ‘ഭീഷണി’ ഒഴിവാക്കാൻ അമേരിക്ക ഇറങ്ങിപ്പുറപ്പെടുകയായിരുന്നു. സിറിയക്കും ഇറാനുമെതിരെ കരുനീക്കുന്നതും ഇതേ ജൂതലോബി തന്നെ.

*വാഷിംഗ്ടൺ പോസ്റ്റി*ന് വേണ്ടി റിച്ചാർഡ് കോഹിൻ നടത്തിയ അന്വേഷണത്തിൽ, ഡെമോക്രാറ്റിക് പാർട്ടിയുടെ 60 ശതമാനവും റിപ്പബ്ലിക്കൻ പാർട്ടിയുടെ 35 ശതമാനവും തെരഞ്ഞെടുപ്പ് ഫണ്ടുകൾ നൽകുന്നത് ജൂതലോബി നിയന്ത്രിക്കുന്ന സ്ഥാപനങ്ങളാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഡെമോക്രാറ്റുകൾ അധികാരത്തിലെത്തിയാൽ ജൂതലോബിയോടുള്ള വിധേയത്വം കൂടുകയേ ഉള്ളൂ എന്നർഥം. വർഷംതോറും മൂന്നിനും പത്തിനുമിടക്ക് ബില്യൻ ഡോളറാണ് അമേരിക്ക ഇസ്രയേലിന് സഹായമായി നൽകുന്നത്. ഈ പണം ജൂതലോബിയെ പുഷ്ടിപ്പെടുത്താനായി ഇസ്രയേൽ അമേരിക്കയിലെ ജൂത സ്ഥാപനങ്ങൾക്ക് തന്നെ തിരിച്ചുനൽകുന്നു. അങ്ങനെ അമേരിക്കൻ നികുതിദായകന്റെ ചെലവിൽ സയണിസ്റ്റ് ലോബി തഴച്ചുവളരുന്നു.

അമേരിക്കൻ കോടീശ്വരന്മാരിൽ 25 മുതൽ 30 ശതമാനം വരെ ജൂതന്മാരാണെന്ന് അമേരിക്കൻ പത്രമായ *ഫോർബ്സ്* പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ പറയുന്നു. കനേഡിയൻ സ്റ്റോക് എക്സ്ചേഞ്ചിലെ മുപ്പത് ശതമാനം ഓഹരികളും ജൂതന്മാരുടേതാണ്. അമേരിക്കയുടെ നിയന്ത്രണം ജൂതലോബി കൈയടക്കിയത് ലോകസമാധാനത്തിനു മാത്രമല്ല, അമേരിക്കൻ ജനാധിപത്യത്തിനു തന്നെ ഭീഷണിയാണെന്ന് ഗ്രന്ഥകാരൻ കരുതുന്നു.

187 പേജുള്ള പുസ്തകം അറ്റ്ലാന്റയിലെ ക്ലാരിറ്റി പ്രസ്സാണ് പുറത്തിറക്കിയിരിക്കുന്നത്. ■